**കേരള സർക്കാർ**

**ഊർജ്ജ സംരക്ഷണ അവാർഡ് 2017**

2017-ലെ കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു. കേരളത്തിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരളസർക്കാർ ഏർപ്പെടുത്തിയ അവാർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് എനർജി മാനേജ്മെന്റ് സെന്ററാണ്. സർക്കാർ നിയോഗിച്ച സംസ്ഥാനതല ജഡ്ജിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് അപേക്ഷകൾ വിലയിരുത്തി അവാർഡുകൾ പ്രഖ്യാപിച്ചത്. വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, വ്യക്തികൾ, സംഘടനകൾ/സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ എന്നീ ആറു വിഭാഗങ്ങളിലായാണ് അപേക്ഷകൾ ക്ഷണിച്ചത്. 2017 ൽ ആകെ 63 അപേക്ഷകരാണ് ഉണ്ടായിരുന്നത്. അവാർഡ് അപേക്ഷകരെല്ലാം കൂടി 464 MU വൈദ്യുതിയും, 5347 ടൺ എണ്ണയും ലാഭിച്ചു.

**2017 ലെ അവാർഡിനും പ്രശസ്തി പത്രത്തിനും അർഹരായവരുടെ വിവരങ്ങൾ :**

വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ അവാർഡ് പങ്കിട്ടെടുത്തിരിക്കുന്നത് കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡും, ടാറ്റാ ഗ്ലോബൽ ബിവറേജസ് ലിമിറ്റഡുമാണ്. കൊച്ചിൻ ഷിപ്പിയാർഡ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1.6417 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ടാറ്റാ ഗ്ലോബൽ ബിവറെജെസ് ലിമിറ്റഡിനു മുൻവർഷത്തെ അപേക്ഷിച്ച് 2016-17 കാലഘട്ടത്തിൽ ഏകദേശം 17 ലക്ഷം യൂണിറ്റ് വൈദ്യുതിയും, 48.21 ടൺ എണ്ണയും ലാഭിക്കുവാൻ സാധിച്ചു.

ഇടത്തരം ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ അവാർഡുകൾക്ക് അർഹരായിരിക്കുന്നത് മിൽമ കോഴിക്കോട് ഡയറിയാണ്. ഇവർ ഏകദേശം 5 ലക്ഷം യൂണിറ്റ് വൈദ്യുതിയും 275.959 ടൺ എണ്ണയും 2016-17 കാലഘട്ടത്തിൽ ലാഭിച്ചിട്ടുണ്ട്.

കെട്ടിടങ്ങളുടെ വിഭാഗത്തിൽ വൈദ്യരത്നം P S വാര്യർ ആയുർവേദ കോളേജ് ഹോസ്പിറ്റൽ, കോട്ടക്കൽ ആണ് അവാർഡിനർഹരായിരിക്കുന്നത്. ഏകദേശം 13 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കോട്ടക്കൽ ഈ വർഷം ലാഭിച്ചിരിക്കുന്നത്.

വ്യക്തിഗത വിഭാഗത്തിൽ ഡോ. നിസാം റഹ്മാൻ എ ആണ് അവാർഡിനർഹനായിരിക്കുന്നത്. 2016-17 കാലഘട്ടത്തിൽ നടത്തിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് ഇദ്ദേഹം അവാർഡിനർഹനായിരിക്കുന്നത്.

സംഘടനകൾ/സ്ഥാപനങ്ങളുടെ വിഭാഗത്തിൽ പീലിക്കോട് ഗ്രാമപഞ്ചായത്തിനാണ് അവാർഡ് ലഭിച്ചിരിക്കുന്നത്. ഏകദേശം 8 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പീലിക്കോട് ഗ്രാമപഞ്ചായത്ത് കഴിഞ്ഞ വർഷം ലാഭിച്ചിരിക്കുന്നത്.

വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ പ്രശസ്തിപത്രത്തിന് അർഹരായിട്ടുള്ളത് സിന്തൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ആണ്. 1.8 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 104.54 ടൺ എണ്ണയും ലാഭിക്കുവാൻ ഈ സാമ്പത്തിക വർഷത്തിൽ അവർക്ക് കഴിഞ്ഞു.

ഇടത്തരം ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ പ്രശസ്തി പത്രത്തിനർഹരായിരിക്കുന്നത് മിൽമ വയനാട് ഡയറിയാണ്. 68350 യൂണിറ്റ് വൈദ്യുതി ഇവർക്ക് ലാഭിക്കാൻ സാധിച്ചു.

കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഇടശ്ശേരി എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് - ലേക്ക് സോങ്ങ് റിസോർട്ട് ആണ് പ്രശസ്തി പത്രതിനർഹാരായിരിക്കുന്നത്. 10 ലക്ഷം യൂണിറ്റ് വൈദ്യുതിയും 50 ടൺ എണ്ണയും അവർക്ക് ഈ വർഷം ലാഭിക്കുവാൻ സാധിച്ചു.

സംഘടനകൾ/സ്ഥാപനങ്ങളുടെ വിഭാഗത്തിൽ സതേൺ റെയിൽവേ പാലക്കാട് ഡിവിഷൻ ഇലക്ട്രിക്കൽ (ജനറൽ സർവിസ് ഡിപ്പാർട്ട്മെൻറ് ) നും ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജ്, മീനങ്ങാടിക്കും ആണ് പ്രശസ്തിപത്രം ലഭിച്ചിരിക്കുന്നത്.

സതേൺ റെയിൽവേ പാലക്കാട് ഡിവിഷൻ ഇലക്ട്രിക്കൽ (ജനറൽ സർവിസ് ഡിപ്പാർട്ട്മെൻറ് )ന് ഏകദേശം 94 ലക്ഷം യൂണിറ്റ് വൈദ്യുതിയും, ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജ്, മീനങ്ങാടിക്ക് 105 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലാഭിക്കാൻ സാധിച്ചിട്ടുണ്ട്.

**പ്രഖ്യാപിച്ച അവാർഡുകൾ**

| | | |
|---|---|---|
| | **വിഭാഗം : വൻകിട ഊർജ്ജ ഉപഭോക്താക്കൾ** | **വാർഷിക ഊർജ്ജ ലാഭം** |
| അവാർഡ് | കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡ് | വൈദ്യുതി: 1.6417 മില്ല്യൻ യൂണിറ്റ് |
| | ടാറ്റാ ഗ്ലോബൽ ബിവറെജെസ് ലിമിറ്റഡ് | വൈദ്യുതി: 0.1665 മില്ല്യൻ യൂണിറ്റ്<br>എണ്ണ: 48.21 ടൺ |
| പ്രശസ്തിപത്രം | സിന്തൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് | വൈദ്യുതി: 1.8 മില്ല്യൻ യൂണിറ്റ്<br>എണ്ണ: 104.538 ടൺ |
| | **വിഭാഗം : ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ** | |
| അവാർഡ് | മിൽമ,കോഴിക്കോട് ഡയറി | വൈദ്യുതി: 0.05325 മില്ല്യൻ യൂണിറ്റ്<br>എണ്ണ : 275.959 |
| പ്രശസ്തിപത്രം | മിൽമ, വയനാട് ഡയറി | വൈദ്യുതി: 0.006835 മില്ല്യൻ യൂണിറ്റ് |
| | **വിഭാഗം : കെട്ടിടങ്ങൾ** | |
| അവാർഡ് | വൈദ്യരത്നം P S വാര്യർ ആയുർവേദ കോളേജ് ഹോസ്പിറ്റൽ, കോട്ടക്കൽ | വൈദ്യുതി: 0.13247 മില്ല്യൻ യൂണിറ്റ് |
| പ്രശസ്തിപത്രം | ഇടശ്ശേരി എന്റർപ്രൈസസ് Pvt Ltd - ലേക്ക് സോങ്ങ് റിസോർട്ട് | വൈദ്യുതി: 0.10 മില്ല്യൻ യൂണിറ്റ്<br>എണ്ണ : 50 |
| | **വിഭാഗം : വ്യക്തികൾ** | |
| അവാർഡ് | ഡോ :നിസാം റഹ്മാൻ എ | പ്രൊമോട്ടർ |
| | **വിഭാഗം : സംഘടനകൾ / സ്ഥാപനങ്ങൾ** | |
| അവാർഡ് | പീലിക്കോട് ഗ്രാമപഞ്ചായത്ത് | വൈദ്യുതി :0.0761 മില്ല്യൻ യൂണിറ്റ് |
| പ്രശസ്തിപത്രം | സതേൺ റെയിൽവേ പാലക്കാട് ഡിവിഷൻ ഇലക്ട്രിക്കൽ (ജനറൽ സർവിസ് ഡിപ്പാർട്ട്മെൻറ് ) | വൈദ്യുതി: 0.937668 മില്ല്യൻ യൂണിറ്റ് |
| | ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജ്, മീനങ്ങാടി,വയനാട് | വൈദ്യുതി: 105 മില്ല്യൻ യൂണിറ്റ് |

ദേശീയ ഊർജ്ജസംരക്ഷണദിനത്തോടനുബന്ധിച്ച് ഡിസംബർ 15-ന് ഉച്ചക്ക് 2.00 മണിക്ക് എനർജി മാനജ്മെന്റ് സെന്ററിൽ വച്ചു നടക്കുന്ന ചടങ്ങിൽ ബഹുമാനപ്പെട്ട വൈദ്യുതവകുപ്പ് മന്ത്രി ശ്രീ.എം.എം.മണി അവാർഡുകൾ വിതരണം ചെയ്യും.

ഡയറക്ടർ